പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5720 — 27.10.2011-ൽ മറുപടിയ്ക്ക്

# അങ്കമാലി മണ്ഡലത്തിൽ ഗ്രാമവികസന വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ

**ചോദ്യം**

ശ്രീ.ജോസ് തെറ്റയിൽ

**ഉത്തരം**

ശ്രീ.കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)

എ. അങ്കമാലി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഗ്രാമവികസന വകുപ്പ് വഴി നടപ്പിലാക്കിയ കേന്ദ്ര സംസ്ഥാന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ ;

എ. സ്വർണ്ണജയന്തി ഗ്രാമസ്വരോ സ്ഗാർ യോജന (എസ്.ജി.എസ്.വൈ.) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.എസ്.), ഇന്ദിരാ ആവാസ് യോജന(ഐ.എ.വൈ.), പ്രധാന മന്ത്രി ഗ്രാമീൺ സഡക് യോജന (പി.എം.ജി.എസ്.വൈ.) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാനാവിഷ്കൃത പദ്ധതിയായ നബാർഡിന്റെ ആർ.ഐ.ഡി.എഫ്. റോഡ് പദ്ധതിയുമാണ് അങ്കമാലി നിയോജക മണ്ഡലത്തിൽ ഗ്രാമവികസന വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ. ഇവ കൂടാതെ ഗ്രാമവികസന വകുപ്പ് മുഖേന ലഭ്യമാക്കിയ പദ്ധതി വിഹിതം വിനിയോഗിച്ചുകൊണ്ട് ബ്ലോക്ക് പഞ്ചായത്തും വിവിധ മേഖലകളിൽ പ്രോജക്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്.

ബി. ഓരോ പദ്ധതികൾക്കും ചിലവഴിച്ച തുക എത്രയെന്നും ചിലവഴിക്കാതെ ബാക്കിനുള്ള തുക എത്രയെന്നും വ്യക്തമാക്കാമോ ;

ബി. ഓരോ പദ്ധതികൾക്കും ചെലവഴിച്ച തുകയും ബാക്കിയുള്ള തുകയും ചുവടെ ചേർക്കുന്നു.

| പദ്ധതി | ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ) | ബാക്കി (രൂപ ലക്ഷത്തിൽ) |
|---|---|---|
| സ്വർണ്ണജയന്തി ഗ്രാമസ്വരോ സ്ഗാർ യോജന | 108.31 | ഇല്ല |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1,048.50 | 3.32 |
| ഇന്ദിരാ ആവാസ് യോജന | 112.37 | 126.33 |
| പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന | 190.10 | ഇല്ല. |

| | | |
|---|---|---|
| | | |
| നബാർഡിന്റെ ആർ.ഐ.ഡി. എഫ്. റോഡ് പദ്ധതി | 26.01 | ഇല്ല. |
| ബ്ളോക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതം | 703.49 | 62.65 |

സി. ഇങ്ങനെ അനുവദിച്ച തുക ചിലവഴിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ;

സി. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പ്രോജക്റ്റുകൾ യഥാസമയം പൂർത്തീകരിയ്ക്കാൻ കഴിയാതെ വന്നതിനാലും ഇന്ദിരാ ആവാസ് യോജനയിലെ വീടുകളുടെ നിർമ്മാണവും, പൂർത്തീകരണവും ലക്ഷ്യമിട്ട രീതിയിൽ നടക്കാതിരുന്നതിനാലും ലക്ഷ്യമിട്ട എണ്ണം പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾ ഇല്ലാതെ വന്നതിനാലുമാണ് അനുവദിച്ച തുക മുഴുവനും ചെലവഴിക്കാൻ കഴിയാതെ പോയത്.

ഡി. ഈ സർക്കാർ അധികാരമേറ്റ ശേഷം അനുവദിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ ;

ഡി. നിലവിലുള്ള പദ്ധതികളായ സ്വർണ്ണജയന്തി ഗ്രാമസ്വരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ.) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.എസ്.), ബ്ളോക്ക് പഞ്ചായത്ത് പദ്ധതി വിഹിതം വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രോജക്റ്റുകൾ എന്നിവ തുടർന്നും നടപ്പാക്കുന്നതിന് ഉദ്ദേശിയ്ക്കുന്നു.

ഇ. ഇതിനായി വകയിരുത്തിയിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ ?

ഇ. നിലവിൽ നടപ്പിലാക്കി വരുന്ന മേൽ പരാമർശിച്ച പദ്ധതികൾക്ക് വകയിരുത്തിയിട്ടുള്ള തുക ചുവടെ ചേർക്കുന്നു.

| പദ്ധതി | വകയിരുത്തിയ തുക (രൂപ ലക്ഷത്തിൽ) |
|---|---|
| സ്വർണ്ണജയന്തി ഗ്രാമസ്വരോസ്ഗാർ യോജന | 18.15 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 880.00 |
| ഇന്ദിരാ ആവാസ് യോജന | 64.99 |
| ബ്ളോക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതം | 190.00 |

സെക്ഷൻ ഓഫീസർ.